**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2079** **21-06-2024 - ൽ മറുപടിയ്ക്ക്**

**ഒ.കെ.എച്ച്.ഐ.എൽ - ടൂറിസം, പശ്ചാത്തല സൗകര്യങ്ങൾ, വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഒ.കെ.എച്ച്.ഐ.എൽ. എന്ന കമ്പനിയുടെ കീഴിൽ ടൂറിസം, പശ്ചാത്തല സൗകര്യങ്ങൾ, വ്യവസായങ്ങൾ എന്നിവ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; | (എ) | ഒന്നാം ലോക കേരള സഭയുടെ ശിപാർശ പ്രകാരം 2019 ൽ നോർക്ക വകുപ്പിന്റെ കീഴിൽ പ്രവാസി മലയാളികളുടെ തൊഴിൽ വൈദഗ്ദ്യവും നിക്ഷേപസാധ്യതകളും പ്രയോജനപ്പെടുത്തി കേരളത്തിൽ വികസന പ്രവർത്തനങ്ങൾ സാധ്യമാക്കുന്നതിനായി 100% സർക്കാർ കമ്പനിയായ ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് ലിമിറ്റഡ് രൂപീകരിച്ചു. അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/ സംസ്ഥാന പാതയോരത്തെ വിശ്രമ കേന്ദ്രങ്ങൾ (വേസൈഡ് അമിനിറ്റീസ് പ്രോജക്ട്) ഒ.കെ.ഐ.എച്ച്.എൽ -ന്റെ കീഴിൽ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. റെസ്റ്റ് സ്റ്റോപ് എന്ന പേരിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. |
| (ബി) | പ്രസ്തുത കമ്പനിയുടെ കീഴിലുള്ള റെസ്റ്റ് സ്റ്റോപ്പ് സെന്റർ നിർമ്മാണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (ബി) | റെസ്റ്റ് സ്റ്റോപ് പ്രോജക്ടിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ തലപ്പാടിയിൽ ടാക്സ് വകുപ്പിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന 9 ഏക്കർ ഭൂമിയിൽ നിന്നും 5.5 ഏക്കർ ഭൂമി **ഒ.കെ.ഐ.എച്ച്.എൽ** -ന്റെ ഉടമസ്ഥതയിലേക്ക് മാറ്റാനുള്ള തീരുമാനം ആയിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ അതിവിശാലമായ പാർക്കിംഗ് സൗകര്യങ്ങളോട് കൂടി 50000 sq.ft -ൽ യാത്രക്കാർക്ക് വഴിയോര വിശ്രമത്തിനായി സൗകര്യങ്ങൾ ഒരുക്കുന്നതാണ്. റെസ്റ്റ് സ്റ്റോപ് പ്രോജക്ടിൽ ഇന്റർനാഷണൽ നിലവാരത്തിലുള്ള ഫുഡ് കോർട്ടുകൾ, സ്റ്റോറുകൾ, പെട്രോൾ സ്റ്റേഷനുകൾ, വാഹന അറ്റകുറ്റ പണി കേന്ദ്രങ്ങൾ, പോലീസ് എയ്ഡ് പോസ്റ്റുകൾ, ചെറിയ ക്ലിനിക്കുകൾ, വാഷ്റൂമുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. അന്താരാഷ്ട്ര സവിശേഷതകളും സൗകര്യങ്ങളുമുള്ള റെസ്റ്റ് സ്റ്റോപ് സെന്ററുകളുടെ ഡിസൈൻ അന്താരാഷ്ട്ര ആർക്കിടെക്ചറൽ കമ്പനി വഴി വികസിപ്പിച്ചെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ